സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. എസ് 2/30960/23/ഡി.ടി.ഇ

തീയതി: 07.08.2023

## **സർക്കുലർ**

വിഷയം:- വിദ്യാഭ്യാസം -സാങ്കേതികം -മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് -സ്കോളർഷിപ്പ് സംബന്ധിച്ച് ജില്ല തലത്തിൽ സ്ഥാപന മേധാവികളുടെയും ഇൻസ്റ്റിറ്റ്യൂഷൻ നോഡൽ ഓഫീസർമാരുടെയും ബയോമെട്രിക് ഓതെന്റിക്കേഷൻ നടപ്പാക്കുന്നത് - ജില്ല തല ക്യാമ്പ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മന്ത്രാലയത്തിന്റെ 01.08.2023 ലെ D.O.No.SS-15/8/2022-Scholarship-MoMA നമ്പർ കത്ത്.

സംസ്ഥാനത്തെ പ്രൊഫെഷണൽ ആന്റ് ടെക്നിക്കൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുമായി (എം സി എം സ്കോളർഷിപ്പ്) ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മേധാവികൾക്കും ഇൻസ്റ്റിറ്റ്യൂറ്റ് നോഡൽ ഓഫീസർമാർക്കും ബയോമെട്രിക് ഓതൻറിക്കേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് 9,10,11 എന്നീ തീയതികളിൽ ജില്ലാ തല ക്യാമ്പ് നടത്തുന്നു. ഇത് സംബന്ധിച്ച് ജില്ലാ തല നോഡൽ ഓഫീസർമാരെ നിയോഗിച്ചുകൊണ്ട് ഈ കാര്യാലയത്തിലെ 07/08/2023 തീയതിയിലെ നടപടിക്രമം നമ്പർ എസ്2/30960/23/ഡി.ടി.ഇ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രൊഫെഷണൽ ടെക്നിക്കൽ കോഴ്സുകൾ നടത്തുന്ന എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ( ടി സ്കോളർഷിപ്പിന് അർഹമായ മെഡിക്കൽ കോളേജ്, നേഴ്സിങ് കോളേജ്, ലോ കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, ചാർട്ടേഡ് അക്കൌണ്ടൻറ് കോഴ്സുകൾ നടത്തുന്ന കോളേജുകൾ, ഫാർമസി കോളേജ് ഉൾപ്പടെ) ബന്ധപ്പെട്ട ജില്ലാ നോഡൽ ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്. ടി ക്യാമ്പിൽ പങ്കെടുക്കുന്ന സ്ഥാപന മേധാവികൾ, ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാർ എന്നിവർ ഔദ്യോഗിക തിരിച്ചറിയൽ രേഖ, ആധാർ കാർഡ്, AISHE Code, NSP Portal (MCM) യൂസർ ഐ ഡി എന്നിവ കരുതേണ്ടതാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ www.dtekerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിലവിൽ രജിസ്റ്റർ ചെയ്തിരുന്ന സ്ഥാപനമേധാവികളും, ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാരും മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ പുതുതായി ഉൾപ്പെടുത്തേണ്ടവരുടെ പേര്, തസ്തിക, ആധാർ കാർഡ്, ആധാർ ലിങ്ക് ചെയ്തിട്ടുള്ള ഫോൺ നമ്പർ, AISHE Code തുടങ്ങിയ വിവരങ്ങൾ എൻഎസ്പി പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനായി ഇ-മെയിൽ മുഖേന അയച്ചുതരേണ്ടതാണ്. ഇ മെയിൽ വിലാസം '**momakerala@gmail.com** '. കൂടാതെ '**9497723630** ' എന്ന ഫോൺ നമ്പറിൽ വിവരം അറിയിക്കേണ്ടതാണ്. സ്ഥാപന മേധാവി (Head of Institution), ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ (Institute Nodal Officer) ഇതിൽ സ്ഥാനം ഏതാണ് എന്ന വിവരം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

കേന്ദ്ര ന്യൂന പക്ഷ മന്ത്രാലയം നൽകുന്ന എം സി എം സ്കോളർഷിപ്പ് ലഭിക്കുന്ന പ്രൊഫെഷണൽ

Draft #13 of File S2/30960/23/DTE Approved by Director (in-charge) on 07-Aug-2023 04:17 PM - Page 1

ആന്റ് ടെക്നിക്കൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികളുടെ ബയോമെട്രിക് ഓതൻറിക്കേഷൻ അതാത് സ്ഥാപനങ്ങളിൽ സ്ഥാപന മേധാവികളുടെയും ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാരുടെയും ആഭിമുഖ്യത്തിൽ കേന്ദ്ര ന്യൂനപക്ഷക്ഷേമ വകുപ്പ് ചുമതലപ്പെടുത്തുന്ന പ്രതിനിധികൾ നടത്തുന്നതായിരിക്കും. സ്കോളർഷിപ്പ് ലഭിക്കേണ്ട വിദ്യാർഥികൾ ആധാർ കാർഡ് , ആപ്ലിക്കേഷൻ ഐ ഡി എന്നിവ സഹിതം കേന്ദ്ര ന്യൂന പക്ഷ മന്ത്രാലയായത്തിൽ നിന്നും തീരുമാനിക്കുന്ന തീയതികളിൽ അതാത് സ്ഥാപനങ്ങളിൽ നിർബന്ധമായും എത്തിച്ചേരേണ്ടതാണ്.

ഡോ. രാജശ്രീ എം.എസ്

ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികൾക്കും.
2. ജില്ലാ നോഡൽ ഓഫീസർമാർക്കും

Approval Valid

Digitally Approved By

ഡോ. രാജശ്രീ എം.എസ്

Date: 07.08.2023

Reason: Approved

Draft #13 of File S2/30960/23/DTE Approved by Director (in-charge) on 07-Aug-2023 04:17 PM - Page 2

The document is digitally approved. Hence signature is not needed.